I.ഇ.ബി. XIIകേരള നിയമസഭ/XIII

**പന്ത്രണ്ടാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2009 ഡിസംബർ 29, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2009 ഡിസംബർ മാസം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

**സ്റ്റാറ്റ്യൂട്ടറി പ്രമേയം**

ഭരണഘടനയുടെ 368-ാം അനുച്ഛേദ പ്രകാരമുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"That this House ratifies the amendment to the Constitution of India falling within the purview of clause (d) of the proviso to clause (2) of Article 368, proposed to be made by the Constitution (One Hundred and Ninth Amendment) Bill, 2009 as passed by both the Houses of Parliament".

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ) : പ്രമേയത്തെ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 60 വർഷത്തേയ്ക്ക് പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും നിയമസഭ കളിലും സീറ്റുകൾ സംവരണം ചെയ്യുന്നതിനും ആംഗ്ളോ ഇന്ത്യൻ വംശ ജരെ നാമനിർദ്ദേശം ചെയ്യുന്നതിനുമാണ് ഭരണഘടനയുടെ 334-ാം ആർട്ടി ക്കിളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജീവി തത്തിൽ കഴിഞ്ഞ അറുപത് വർഷത്തിനിടയിൽ കുറെയൊക്കെ പുരോഗതി യുണ്ടായിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് സംവരണവും നോമിനേഷനും നൽകാൻ ഭരണഘടന ആധാരമായി എങ്കിലും നിയമനിർമ്മാണസഭ ചൂണ്ടി ക്കാട്ടിയ അധ:സ്ഥിതി ഇന്നും ഇല്ലാതായിട്ടില്ല. അതുകൊണ്ട് പാർലമെന്റിലും നിയമസഭകളിലും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്കായി മണ്ഡലങ്ങൾ സംവരണം ചെയ്യുന്നതും ആംഗ്ളോ ഇന്ത്യൻ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുന്നതും 10 വർഷത്തേയ്ക്ക് കൂടി തുടരേണ്ടതായിട്ടുണ്ട്. ഭരണഘടന നിലവിൽ വന്നശേഷം 60 വർഷത്തേയ്ക്ക് സംവരണം തുടരാം എന്ന് 334-ാം ആർട്ടിക്കിൾ വ്യവസ്ഥപ്പെടുത്തിയത് 2010 ജനുവരി 25-ന് കാലഹരണപ്പെടു കയാണ്.. പ്രസ്തുത സാഹചര്യത്തിലാണ് പാർലമെന്റിലും നിയമസഭക ളിലും എസ്.സി/എസ്.ടി. സംവരണവും ആംഗ്ളോ ഇന്ത്യൻ നോമിനേ ഷനും ഭരണഘടന നിലവിൽ വന്ന് 70 വർഷത്തേയ്ക്ക് തുടരണമെന്ന 109-ാം ഭരണഘടനാ ഭേദഗതി രാജ്യസഭ ആഗസ്റ്റ് മാസം 3-ാം തീയതിയും ലോക്സഭ 4-ാം തീയതിയും അംഗീകരിച്ചത്. പാർലമെന്റിന്റെ ഇരുസഭകളും അംഗീക രിച്ച 109-ാം ഭരണഘടനാഭേദഗതി അതേപടി കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിക്കേണ്ടതുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): പ്രമേയത്തെ പിന്താങ്ങുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് മണ്ഡലങ്ങൾ സംവരണം ചെയ്യുന്നതിനും ആംഗ്ളോ ഇന്ത്യൻ വിഭാഗക്കാർക്ക് നോമിനേഷൻ നൽകുന്നതിനുമുള്ള ഭരണഘടനാ വ്യവസ്ഥയുടെ കാലാവധി 2010 ജനുവരി 25-ന് അവസാനിക്കുകയാണ്. അത് പത്ത് വർഷത്തേയ്ക്ക് കൂടി തുടരാനുള്ള ഭരണഘടനാ ഭേദഗതി ലോക്സഭയും രാജ്യസഭയും പാസ്സാക്കി. അത് അംഗീകരിച്ചുകൊണ്ട് പകുതിയിലധികം നിയമസഭകൾ പ്രമേയം പാസ്സാക്കണമെന്ന വ്യവസ്ഥയുള്ള സാഹചര്യത്തിൽ കേരള നിയമസഭ അത് ഐകകണ്ഠ്യേന പാസ്സാക്കണം. നിയമസഭ വിളിച്ചുകൂട്ടി ഈ പ്രമേയം പാസ്സാക്കുന്നതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

മി. സ്പീക്കർ: പ്രമേയം പാസ്സാക്കുന്നതിനുവേണ്ടി പ്രത്യേകമായി വിളിച്ചുകൂട്ടിയ സമ്മേളനം വിജയിപ്പിക്കുന്നതിന് സഹകരിച്ച എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു. നിയമസഭാ ലോഞ്ചിൽ വച്ച് നടക്കുന്ന എം.എൽ.എ.മാർക്കുള്ള ലാപ്ടോപ്പ് വിതരണോദ്ഘാടന ചടങ്ങിൽ എല്ലാവരും പങ്കെടുക്കണം. എല്ലാവർക്കും നന്മ നിറഞ്ഞ പുതുവൽസരാശംസകൾ നേരുന്നു.

സഭ രാവിലെ 9.05-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.